# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 378 | 15.07.15 -ൽ മറുപടിക്ക്

### കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജി.സുധാകരൻ<br>ശ്രീ.കെ സദാശിവൻ<br>ശ്രീ. സി.കെ. ദാസൻ<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ | | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം കേന്ദ്രസഹായത്തോടെയും അല്ലാതെയും നടത്തിയ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ അറിയിക്കാമോ ; | (എ) | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര സഹായത്തോടെയും അല്ലാതെയും നടത്തിയ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) കാലവർഷം ശക്തിപ്രാപിച്ചതോടെ സംസ്ഥാന തീരം വ്യാപകമായി കടലാക്രമണക്കെടുതിയിലായത് ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇത് പ്രതിരോധിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ബി) ഉത്തരം അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) നിലവിലുണ്ടായിരുന്ന കടൽ ഭിത്തി തകർന്നുപോയിടത്തും, കടുത്ത കടലാക്രമണ ഭീഷണിയുള്ള മറ്റ സ്ഥലങ്ങളിലും കടൽഭിത്തി നിർമ്മിക്കാൻ തയ്യാറാകുമോ ? | (സി) | (സി) കടുത്ത കടലാക്രമണം ഉള്ളിടത്തും, കടൽ ഭിത്തി തകർന്ന സ്ഥലങ്ങളിലും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവർത്തികൾ ഏറ്റെടുത്തു നടപ്പിലാക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ

JSK/

അനുബന്ധം I

1. തിരുവനന്തപുരം ജില്ലയിൽ 27.15 കോടി രൂപയുടെ പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് ഇതിൽ 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുന്ന ബീമാപള്ളി താഴംപള്ളി എന്നീ പ്രദേശങ്ങളിലെ കടൽ ഭിത്തി ബലപ്പെടുത്തൽ പണികൾ പൂർത്തിയായിട്ടില്ല. ബീമാപള്ളിയിൽ 8 പുലിമുട്ടുകളുടെ നിർമ്മാണത്തിനായി ഡിസൈൻ ലഭ്യമാക്കുവാൻ IIT ചെന്നൈയെ സമീപിച്ചിട്ടുണ്ട് ഡിസൈൻ ലഭിച്ചാലുടൻ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിന്റെ സാങ്കേതിക അനുമതിയോടു കൂടി പ്രവൃത്തി നടപ്പിലാക്കുവാൻ സാധിക്കും.

2. കൊല്ലം ജില്ലയിൽ 34.04 കോടി രൂപയുടെ പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് ഇതിൽ ഇരവിപുരം മണ്ഡലത്തിലെ താന്നി, ഗാർഹിൽ നഗർ, സെന്റ് മൈക്കിൾസ് പള്ളിയ്ക്കു സമീപം, കുളത്തിപ്പാടം, കാക്കത്തോപ്പ് എന്നിവിടങ്ങളിലായി പുലിമുട്ടു നിർമ്മിക്കുന്നതിനു വേണ്ടി സംസ്ഥാന ഫണ്ടിൽ ഉൾപ്പെടുത്തി ലഭിച്ച 12.80 കോടി രൂപയുടെ 4 പ്രവൃത്തികൾക്ക് ഗവൺമെന്റ് ടെണ്ടർ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പണികൾ താമസംവിനാ എഗ്രിമെന്റ് വെച്ച് തുടങ്ങാവുന്നതാണ്.

3. ആലപ്പുഴ ജില്ലയിൽ 75.13 കോടി രൂപയുടെ പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് ഇതിൽ നബാർഡിൽ നിന്നും സംസ്ഥാന ഫണ്ടിൽ അനുവദിച്ച ലഭിച്ച പുലിമുട്ടു നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. ഇതിൽ ഹരിപ്പാട് മണ്ഡലത്തിലെ പാന്നൂരിൽ കടൽ ഭിത്തി ബലപ്പെടുത്തുന്നതിനായുള്ള രണ്ടു പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിയ്ക്കുന്നു. തൃക്കന്നപ്പുഴ പഞ്ചായത്തിലെ 341 മീറ്റർ നീളം കടൽ ഭിത്തി നിർമ്മാണം പുരോഗമിക്കുന്നു.

   കൂടാതെ അർത്തുങ്കൽ പ്രദേശത്ത് കടൽ ഭിത്തി നിർമ്മാണത്തിനായി 12 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് അമ്പലപ്പുഴ പുറക്കാട്ടു ഭാഗത്ത് പുലിമുട്ടു നിർമ്മാണത്തിനായി 22 കോടി രൂപയുടെയും പ്രവൃത്തികൾ സാമ്പത്തിക സഹായത്തിനായി നബാർഡിന്റ അനുമതി ലഭിച്ചിട്ടുണ്ട്

4. എറണാകുളം ജില്ലയിൽ 9.67 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് . 22 കടൽ ഭിത്തി നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

5. തൃശ്ശൂർ ജില്ലയിൽ 9.14 കോടി രൂപയ്ക്കുള്ള പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

ഇതനുസരിച്ച് 8 പ്രവൃത്തികൾ പൂർത്തീകരിച്ചു. സംസ്ഥാന ഫണ്ടിൽ ഉൾപ്പെടുത്തി 868 മീറ്റർ നീളത്തിൽ കടൽഭിത്തി പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്. 13.10 ലക്ഷം രൂപയുടെ ഒരു പ്രവൃത്തി പുരോഗതിയിലാണ് മൂന്നു പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

6. മലപ്പുറം ജില്ലയിൽ 12.28 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് പരപ്പനങ്ങാടി പഞ്ചായത്തിലെ ആലുങ്ങൽ ബീച്ചിലെ കടൽ ഭിത്തി നിർമ്മാണത്തിനുള്ള പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

7. കോഴിക്കോട് ജില്ലയിൽ 39.26 കോടി രൂപയുടെ പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്

8. കണ്ണൂർ ജില്ലയിൽ 7.42 കോടി രൂപയുടെ പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് എല്ലാം പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

9. കാസർകോഡ് ജില്ലയിൽ 8.12 കോടി രൂപയുടെ പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് ഇതിൽ കാവുഗോളി, അജാനൂർ, മുസോഡി, നാങ്കി- കൊപ്പള, ജമ്മാ, ബല്ല എന്നീ തീരപ്രദേശങ്ങളിലായി കടൽഭിത്തി നിർമ്മാണം, നിലവിലെ കടൽഭിത്തിയുടെ കേടുപാടുകൾ തീർക്കൽ എന്നിവ ഉൾപ്പെടും. ഈ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.

ഇതു കൂടാതെ എല്ലാ ജില്ലകളിലും രൂക്ഷമായ കടലാക്രമണം ഉണ്ടാകുന്ന സ്ഥലങ്ങളിൽ, ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനു വേണ്ടി, എല്ലാ വർഷവും അടിയന്തിര പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

ഇതു കൂടാതെ ചീഫ് എഞ്ചിനീയറുടെ പദ്ധതിയിതര ഫണ്ടി (ASE-N/P) -ൽ നിന്നും എല്ലാ വർഷവും കടൽ ഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് വേണ്ടി അതാതു വർഷത്തെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾക്ക് അനുമതി നൽകാറുണ്ട്.

സെക്ഷൻ ഓഫീസർ

JSK/

അനുബന്ധം II

തിരുവനന്തപുരം ജില്ലയിൽ രൂക്ഷമായ കടലാക്രമണം നേരിട്ട ചിറയിൻകീഴ്-പൂന്തുറ, പൂന്തുറ എന്നിവിടങ്ങൾ 49 ലക്ഷം രൂപയുടെ അടിയന്തിര പ്രതിരോധ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ പുറക്കാട്, ആയിരംതൈ, കാട്ടൂർ എന്നീ ഭാഗങ്ങളിൽ അനുഭവപ്പെട്ട രൂക്ഷമായ കടലാക്രമണം ചെറുക്കുന്നതിനു വേണ്ടി 2.05 കോടി രൂപയുടെ അടിയന്തിര പ്രതിരോധ പ്രവർത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

എറണാകുളം ജില്ലയിലെ ചെല്ലാനം ദ്വീപിലെ തെക്കേ ചെല്ലാനം, മറുവ്വക്കാട്, കണ്ണമാലി, പുത്തൻതോട്, കണ്ടക്കടവ്, ചെറിയകടവ്, സൗദി, കമ്പനിപ്പടി, ബസാർ, മലാഖപ്പടി പ്രദേശങ്ങളിലും വൈപ്പിൻ ദ്വീപിലെ ഇടവനക്കാട്, ആമിയിൽ പഴങ്ങാട്, ചാഞ്ഞനാട്, ഞാറയ്ക്കൽ എന്നീ തീര പ്രദേശങ്ങളിലും രൂക്ഷമായ കടലാക്രമണം ഉണ്ട്. ജില്ലയിൽ ഇതുവരെ 5.00 ലക്ഷം രൂപയുടെ അടിയന്തിര പ്രതിരോധ പ്രവൃത്തികളാണ് നടപ്പാക്കിയിട്ടുള്ളത്.

തൃശ്ശൂർ ജില്ലയിലെ ഏറിയാട്, ഇടവിലങ്ങാട്, മനയ്ക്കൽ കടവ്, ലൈറ്റ് ഹൗസിനു സമീപം, വാടാനപ്പള്ളി, ചേറ്റുവ, ചാവക്കാട്, കൊക്കാച്ചേരി പെരിങ്ങനം, തളിക്കുളം എങ്ങണ്ടിയൂർ എന്നീ തീരപ്രദേശങ്ങൾ രൂക്ഷമായ കടലാക്രമണ ഭീഷണിയിലാണ്. ഇതിനകം 25 ലക്ഷം രൂപയുടെ അടിയന്തിര പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി പഞ്ചായത്തിലെ ചാപ്പപ്പടിയിലും എടക്കടപ്പുറത്തും 190 മീറ്റർ നീളത്തിൽ മണൽ ചാക്കുകൾ കൊണ്ട് താത്ക്കാലിക സംരക്ഷണ ഭിത്തി നിർമ്മിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ കടലാക്രമണം രൂക്ഷമായ മാട്ടുവയൽ പ്രദേശത്ത് 8.70 ലക്ഷം രൂപയ്ക്കുള്ള 3 അടിയന്തിര പ്രതിരോധ പ്രവർത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതു കൂടാതെ എല്ലാ തീരദേശ ജില്ലകളിലും രൂക്ഷമായ കടലാക്രമണം നേരിടുന്ന പ്രദേശങ്ങളിൽ അടിയന്തിരമായി ചെയ്യേണ്ട പ്രതിരോധ പ്രവൃത്തികളുടെ പട്ടിക തയ്യാറാക്കി പരിശോധിച്ചുവരുന്നു

JSK/